**<u>മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 25/06/2025-ൽ 4.00 PM-ന് കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനിട്സ്</u>**

25.06.2025 ന് വൈകുന്നേരം 4.00 മണിക്ക് യോഗം ആരംഭിച്ചു. മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

2025 ജൂൺ മാസത്തിലെ റവന്യൂ കളക്ഷനിൽ ഗണ്യമായ കുറവ് ഉണ്ടായതായും ജൽ ജീവൻ മിഷൻ പദ്ധതി വന്നതിന് ശേഷം കണക്ഷനുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായെങ്കിലും കളക്ഷൻ കുറയുന്നതായും ആയതിനുള്ള കാരണം റവന്യൂ ഓഫീസർമാർ കൃത്യമായി അവലോകനം ചെയ്യേണ്ടതാണെന്നും മാനേജിങ് ഡയറക്ടർ ആമുഖമായി അറിയിച്ചു.

2025 ഏപ്രിൽ-ജൂൺ മാസങ്ങളിലെ കളക്ഷൻ (ഡിവിഷൻ തലത്തിൽ) വിവരങ്ങൾ ഗൂഗിൾ ഷീറ്റ് വഴി താരതമ്യം ചെയ്ത് അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി അവതരിപ്പിച്ചു. കളക്ഷനിൽ കുറവ് വന്ന ഡിവിഷനുകളോടായി മാനേജിങ് ഡയറക്ടർ വിശദീകരണം ആവശ്യപ്പെട്ടു. ഇ-അബാക്കസ്-ന്റെ ലഭ്യതക്കുറവ്, പാം ഹെൽഡ് മെഷീൻ നടപ്പിലാക്കിയത് തുടങ്ങിയ പ്രശ്നങ്ങൾ കളക്ഷൻ കുറയുന്നതിന് കാരണമാകുന്നതായി റവന്യൂ ഓഫീസർമാർ അറിയിച്ചു.

**<u>പ്രധാന യോഗതീരുമാനങ്ങൾ</u>**

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളുടെ ജിയോ ടാഗിങ് ജോലിയിൽ ഏർപ്പെട്ടവർക്കുള്ള അർഹതയുള്ളവർക്കുള്ള വേതനം നൽകുന്നത് ത്വരിതപ്പെടുത്തുന്നതാണ്.
2. ഡബ്ല്യൂ. എസ്. ഡിവിഷൻ, കൊച്ചിയ്ക്ക് കീഴിലുള്ള ഏലൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് വിവിധ കമ്പനികളിൽ നിന്ന് ഈടാക്കി വാട്ടർ അതോറിറ്റിയിലേക്ക് അടക്കേണ്ട വാട്ടർ ചാർജ് തുക (കുടിശ്ശിക ഉൾപ്പെടെ), കേരള വാട്ടർ അതോറിറ്റി FACT-ന് നൽകേണ്ട കുടിശ്ശിക തുക, ബിനാനി സിങ്ക് കമ്പനിയുമായി ബന്ധപ്പെട്ട് വാട്ടർ ചാർജ് കുടിശ്ശിക സംബന്ധിച്ച തർക്കം, പി.ഡബ്ല്യൂ.ഡി- എൻ.ജി.ഒ ക്വാർട്ടേഴ്സ് കണക്ഷനുകളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എന്നീ വിഷയങ്ങൾ പ്രത്യേകം പരിഗണന നൽകി ഒരു മാസത്തിനകം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. (നടപടി:ആർ.എം.സി, ഡബ്ല്യൂ.എസ് കൊച്ചി)
3. ഡി.സി.ബി-യിൽ നിലനിൽക്കുന്ന കുടിശ്ശിക തുക പൂർണമായും പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്കായി കുടിശ്ശിക തുക 1 കോടിയ്ക്കു മുകളിൽ, 50 ലക്ഷത്തിനും 1 കോടിയ്ക്കും ഇടയിൽ, 10 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയിൽ എന്നിങ്ങനെ വേർതിരിച്ച് 15 ദിവസത്തിനുള്ളിൽ പട്ടിക പൂർത്തിയാക്കി ഉയർന്ന കുടിശ്ശിക വരാനുണ്ടായ കാരണം വിശകലനം ചെയ്ത് കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി: റവന്യൂ ഓഫീസർമാർ)
4. നിലവിലില്ലാത്ത കണക്ഷനുകൾ മാർക്ക് ചെയ്യുന്നതിനു വേണ്ടി നൽകിയിട്ടുള്ള ഗൂഗിൾ ഷീറ്റ് സെക്ഷനുകൾക്കും സബ് ഡിവിഷനുകൾക്കും കൂടി അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഷെയർ ചെയ്തു നൽകേണ്ടതാണ്. (നടപടി: ആർ.എംസി)
5. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച ശേഷം ഉപഭോക്താവിനെ കണ്ടെത്താൻ കഴിയാതെ റവന്യൂ വകുപ്പ് തിരിച്ചയച്ച കേസുകൾ അൺഐഡന്റിഫൈഡ് കണക്ഷൻ (നോൺ-എക്സിസ്റ്റിങ്) ആയി ഒഴിവാക്കാൻ പാടില്ലാത്തതും ഇവ എന്നെങ്കിലും കണ്ടെത്തുകയാണെങ്കിൽ തുക ഈടാക്കേണ്ടതുമാണ്. (നടപടി: റവന്യൂ ഓഫീസർമാർ)
6. പാം ഹെൽഡ് മെഷീൻ നിലവിൽ വന്നതിനാൽ സെക്ഷൻ ഓഫീസുകളിൽ റീഡിങ് പോസ്റ്റിംഗിൽ വന്നിട്ടുള്ള പുരോഗതി വിലയിരുത്തി വിശദമായ റിപ്പോർട്ട് RMC ക്ക് നൽകേണ്ടതാണ്. (നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീർമാർ / റവന്യൂ ഓഫീസർമാർ)
7. കൃത്യതയാർന്ന ക്രോസ്സ് സബ്സിഡൈസേഷൻ നടപ്പിലാക്കുന്നതിന് ഉപഭോക്താക്കളെ വിവിധ

ഉപവിഭാഗങ്ങളായി തിരിയ്ക്കുന്നതിനും, പ്രസ്തുത ഉപവിഭാഗങ്ങൾക്ക് അനുയോജ്യമായ താരിഫ് പുനർനിശ്ചയിക്കുന്നതിനുമായി ഇ-അബാക്കസിൽ കാറ്റഗറി കൃത്യമായി മാർക്ക് ചെയ്യുന്നതിന് നിർദേശിച്ചിരുന്നു. ആയത് 15 ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. (നടപടി: റവന്യൂ ഓഫീസർമാർ)

8. സർക്കാരിൽ നിന്നും മന്ത്രി ഓഫീസിൽ നിന്നും ലഭിക്കുന്ന പരാതികൾ കൃത്യമായി പരിഹരിക്കേണ്ടതും റിപ്പോർട്ടുകൾ ആർ.എം.സി-യിലേക്ക് സമയബന്ധിതമായി സമർപ്പിക്കേണ്ടതുമാണ്. (നടപടി: റവന്യൂ ഓഫീസർമാർ)
9. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ബി.പി.എൽ ഡിമാൻഡ് 15 ദിവസത്തിനുള്ളിൽ ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതാണ്. (നടപടി: റവന്യൂ ഓഫീസർമാർ)
10. മൊത്തത്തിലുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി റവന്യൂ യോഗം എല്ലാ മാസവും നടത്തുന്നതാണ്. ഇതിലേക്കായി ഓരോ ഡിവിഷനുകളും പ്രത്യേകം പവർ പോയിന്റ് പ്രസന്റേഷൻ തയാറാക്കേണ്ടതും ആയത് റവന്യൂ ഓഫീസർമാർ യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

6.00 PM-ന് യോഗം അവസാനിച്ചു.

Signed by
Jeevan Babu K
Date: 14-08-2025 10:16:29